നം. സി.ജനറൽ(1)65001/2013/സി.ജി.ഇ.

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം -12
തീയതി. 28/05/2014

# സർക്കുലർ

വിഷയം- **എസ്.എസ്.എൽ.സി. പരീക്ഷ മാർച്ച് 2014- സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നത് - സംബന്ധിച്ച്.**

**സൂചന-**

2014 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷയുടെ പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തീകരിച്ചിരിക്കുകയാണ്. പരീക്ഷാ സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട സ്കൂൾ മുഖാന്തിരം പരീക്ഷാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനായി ഇതോടൊപ്പം അയയ്ക്കുന്നു. ഒന്നാം ഘട്ടമായി **പരീക്ഷയിൽ വിജയിച്ച റഗുലർ കുട്ടികളുടെ സർട്ടിഫിക്കറ്റുകളാണ് ഇപ്പോൾ ലഭ്യമാക്കുന്നത്. വിജയിക്കാത്തവരുടേയും, സേ പരീക്ഷ എഴുതിയവരുടേയും പ്രൈവറ്റ് പരീക്ഷാർത്ഥികളുടെയും സർട്ടിഫിക്കറ്റുകൾ രണ്ടാം ഘട്ടമായി എത്തിക്കുന്നതാണ്.** സർട്ടിഫിക്കറ്റുകളുടെ കുറ്റമറ്റതും കാര്യക്ഷമവുമായ വിതരണം ഉറപ്പ് വരുത്തുന്നതിന് താഴെ പറയുന്ന ചുമതലകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിർവ്വഹിക്കേണ്ടതാണ്.

1. പരീക്ഷാഭവനിൽ നിന്നും എത്തിക്കുന്ന സർട്ടിഫിക്കറ്റ് കെട്ടുകളിൽ താങ്കളുടെ വിദ്യാഭ്യാസ ജില്ലയിലെ മുഴുവൻ സ്കൂളുകളുടെയും സർട്ടിഫിക്കറ്റുകൾ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
2. ഏതെങ്കിലും സ്കൂളിന്റെ സർട്ടിഫിക്കറ്റുകൾ ഇല്ലാതിരിക്കുകയോ, ഏതെങ്കിലും സ്കൂളിന് അധികം സർട്ടിഫിക്കറ്റ് ലഭിക്കുകയോ, താങ്കളുടെ വിദ്യാഭ്യാസ ജില്ലയിൽ ഉൾപ്പെടാത്ത ഏതെങ്കിലും സ്കൂളിന്റെ സർട്ടിഫിക്കറ്റുകൾ ലഭിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അടിയന്തിരമായി പരീക്ഷാഭവനുമായി ബന്ധപ്പെടുകയും ഇവിടെ നിന്ന് നിർദ്ദേശിക്കുന്നതനുസരിച്ച് തുടർ നടപടികൾ ഉടൻ സ്വീകരിക്കേണ്ടതുമാണ്.
3. സർട്ടിഫിക്കറ്റുകൾ ജില്ലാവിദ്യാഭ്യാസ ഓഫീസിൽ എത്തിയ ഉടൻ തന്നെ മുഴുവൻ സ്കൂളുകൾക്കും വിവരം നൽകി അടിയന്തിരമായി സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങാൻ നിർദ്ദേശം നൽകേണ്ടതാണ്.
4. സർട്ടിഫിക്കറ്റുകൾ സ്കൂളുകൾക്ക് വിതരണം ചെയ്യുന്നതിന് ഒരു പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. സർട്ടിഫിക്കറ്റുകൾ ഏറ്റുവാങ്ങാനായി താങ്കളുടെ വിദ്യാഭ്യാസ ജില്ലയിലെ സ്കൂളുകളിൽ നിന്നും വരുന്ന ഉദ്യോഗസ്ഥൻ തന്റെ സ്കൂളിലേയ്ക്ക് ഒന്നാം ഘട്ടത്തിൽ നൽകേണ്ട സർട്ടിഫിക്കറ്റുകൾ മുഴുവൻ ലഭിച്ചിട്ടുണ്ടെന്നും അതോടൊപ്പം സർട്ടിഫിക്കറ്റുകൾ കേടുപാടില്ലാത്തതാണെന്നും ഉറപ്പ് വരുത്തേണ്ടതാണ്. അതിനുശേഷം ജില്ലാവിദ്യാഭ്യാസ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള സർട്ടിഫിക്കറ്റ് വിതരണ പുസ്തകത്തിൽ ടി ഉദ്യോഗസ്ഥന്റെ ഒപ്പ് പതിപ്പിച്ചശേഷം മാത്രമേ സർട്ടിഫിക്കറ്റ് നൽകാവു.
5. സർട്ടിഫിക്കറ്റിൽ ഏതെങ്കിലും രീതിയിലുള്ള തിരുത്തലുകൾ കാരണം മാറ്റി നൽകേണ്ടതുണ്ടെങ്കിൽ അത്തരം സർട്ടിഫിക്കറ്റുകൾ 07/06/2014 ശനിയാഴ്ചയ്ക്കകം ജില്ലാവിദ്യാഭ്യാസ ഓഫീസിൽ എത്തിക്കുന്നതിന് സ്കൂളുകൾക്ക് നിർദ്ദേശം നൽകേണ്ടതാണ്. ഈ രീതിയിൽ എല്ലാ സ്കൂളുകളിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ ശേഖരിച്ച് ലിസ്റ്റു സഹിതം ഒരു പ്രത്യേക ദൂതൻ വഴി പരീക്ഷാഭവനിൽ 11/06/2014 ബുധനാഴ്ചയ്ക്കകം എത്തിക്കേണ്ടതാണ്.

## <u>പ്രഥമാദ്ധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ</u>

1. സർട്ടിഫിക്കറ്റുകളിൽ ഏതെങ്കിലും രീതിയിലുള്ള ന്യൂനതകൾ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ ആയത് തിരുത്തുന്നതിന് പ്രഥമാദ്ധ്യാപകന്റെ ഇത് സംബന്ധിച്ച കത്ത് സഹിതം ജില്ലാവിദ്യാഭ്യാസ ഓഫീസ് വഴി പരീക്ഷാഭവനിലേയ്ക്ക് അയയ്ക്കേണ്ടതാണ്.
2. **സർട്ടിഫിക്കറ്റുകളിൽ വിദ്യാർത്ഥികളുടെ ബയോഡാറ്റ സ്കൂൾ അഡ്മിഷൻ രജിസ്റ്ററിലേതു പോലെ തന്നെയാണെന്നും, പരീക്ഷാബോർഡിന്റെ മുദ്ര പതിച്ചിട്ടുണ്ടെന്നും, പരീക്ഷാ സെക്രട്ടറിയുടെ ഒപ്പ് പ്രിന്റ് ചെയ്ത് വന്നിട്ടുണ്ടെന്നും, ഫോട്ടോ ശരിയായ രീതിയിൽ തന്നെയാണ് പതിഞ്ഞിട്ടുള്ളതെന്നും, സർട്ടിഫിക്കറ്റുകൾ കേടുപാടുകൾ ഇല്ലാത്തതാണെന്നും വിതരണത്തിന് മുൻപ് ഉറപ്പു വരുത്തേണ്ടതാണ്.**
3. ന്യൂനതയുള്ള സർട്ടിഫിക്കറ്റുകൾ ഒരു കാരണവശാലും പരീക്ഷാർത്ഥകൾക്ക് നൽകാൻ പാടില്ല. ആയത് ജില്ലാ വിദ്യാഭ്യാസ ഓഫീസ് വഴി പരീക്ഷാഭവനിലേയ്ക്ക് അയച്ച് ന്യൂനത പരിഹരിച്ചതിനുശേഷം മാത്രമേ നൽകാൻ പാടുള്ളൂ. അതിന്റെ പൂർണ്ണ ഉത്തരവാദിത്തം സ്കൂൾ ഹെഡ്മാസ്റ്റർമാർക്കായിരിക്കും.
4. **കറുത്ത മഷി ഉപയോഗിച്ച് മാത്രമേ സർട്ടിഫിക്കറ്റുകളിൽ ഹെഡ്മാസ്റ്ററുടെ ഒപ്പ് രേഖപ്പെടുത്താൻ പാടുള്ളൂ.**
5. മൂന്ന് മാസത്തിനകം വിതരണം ചെയ്യാത്ത സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തി പരീക്ഷാഭവനിലേയ്ക്ക് തിരിച്ച് അയയ്ക്കേണ്ടതാണ്.
6. **പരീക്ഷയിൽ വിജയിക്കാത്തവരുടേയും, 'സേ' പരീക്ഷ എഴുതിയവരുടേയും, പ്രൈവറ്റ് പരീക്ഷാർത്ഥികളുടെയും സർട്ടിഫിക്കറ്റുകൾ രണ്ടാം ഘട്ടത്തിലാണ് വിതരണത്തിനായി എത്തിക്കുന്നത്.** പൂനർമൂല്യനിർണ്ണയത്തിലൂടെ ഗ്രേഡ് മെച്ചപ്പെടുത്തിയ പരീക്ഷാർത്ഥികൾക്ക് പുതിയ ഗ്രേഡ് ഉൾപ്പെടുത്തിയ സർട്ടഫിക്കറ്റാണ് നൽകിയിരിക്കുന്നത്.
7. പുനർമൂല്യനിർണയത്തിന് അപേക്ഷിച്ച് ഇനിയും ഫലം പ്രസിദ്ധീകരിക്കാത്തവരുടെ കാര്യത്തിൽ ഫലം പ്രസിദ്ധീകരിച്ചാൽ ഉടൻ തന്നെ ഗ്രേഡിൽ വ്യത്യാസം വന്നിട്ടുണ്ടെങ്കിൽ പുതുക്കിയ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ജില്ലാവിദ്യാഭ്യാസ ഓഫീസ് വഴി സ്കൂളിന് അയച്ചു തരുന്നതാണ്. ബന്ധപ്പെട്ട പരീക്ഷാർത്ഥിയിൽ നിന്നും ഇപ്പോൾ നൽകുന്ന സർട്ടിഫിക്കറ്റ് തിരികെ വാങ്ങി പുതിയത് നൽകേണ്ടതാണ്. പുതിയ സർട്ടിഫിക്കറ്റ് നൽകുന്ന മുറയ്ക്ക് പുനർമൂല്യനിർണയത്തിനു അപേക്ഷയോടൊപ്പം സമർപ്പിച്ച തുകയും തിരികെ നൽകേണ്ടതാണ്.
8. 2014 മേയ് മാസത്തിലെ 'സേ' പരീക്ഷയ്ക്കും 2014 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയുടെ ഉത്തരക്കടലാസുകളുടെപൂനർമൂല്യനിർണ്ണയത്തിനും ഒരുമിച്ച് അപേക്ഷിച്ച പരീക്ഷാർത്ഥി പൂനർമൂല്യനിർണ്ണയത്തിലൂടെ ഉന്നതപഠനത്തിനർഹത നേടിയാൽ 'സേ' പരീക്ഷാഫലം പരിഗണിക്കുന്നതല്ല. അത്തരം പരീക്ഷാർത്ഥികൾക്ക് പുതുക്കിയ ഗ്രേഡ് രേഖപ്പെടുത്തിയ 2014 മാർച്ചിലെ സർട്ടിഫിക്കറ്റാണ് വിതരണം ചെയ്യുന്നത്.

**സെക്രട്ടറി**

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും